"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു ഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി വിരമിച്ചശേഷം 29.05.2024 – ൽ അന്തരിച്ച ശ്രീ. പി. ആർ. ദേവദാസിന്റെ നിയമാനുസൃതമായ അനന്തരാവകാശികൾക്ക്, ടിയാൻ പി.എസ്.സി അംഗമല്ലായിരുന്നുവെങ്കിൽ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരന് ലഭിക്കുമായിരുന്ന കുടുംബപെൻഷൻ ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുവദിച്ചുകൊണ്ട്- ഉത്തരവാകുന്നു.

പൊതു ഭരണ വകുപ്പ് (സ്പെഷ്യൽ- ഇ) വകുപ്പ്

സ.ഉ.(കൈ) നം.20/2026/GAD തീയതി,തിരുവനന്തപുരം, 04-03-2026

പരാമർശം:-
1. സ.ഉ. (കൈ) നം.102/2019/പൊഭവ തീയതി 27.05.2019.
2. സ.ഉ. (കൈ) നം. 2/2021/പൊഭവ തീയതി 01.01.02021 .
3. ശ്രീമതി കെ പുഷ്പലത സമർപ്പിച്ച അപേക്ഷ.
4. കേരള പബ്ലിക് സർവീസ് കമ്മീഷൻ സെക്രട്ടറിയുടെ 9.12.2024 തീയതിയിലെ CO2/21/2024-KPSC നമ്പർ കത്ത് .

ഉത്തരവ്

കേരള സർക്കാർ സർവ്വീസിൽ കൃഷി വകുപ്പിൽ യു.ഡി. ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവെ 31.07.2002 – ൽ സ്വയം വിരമിച്ച ശ്രീ പി. ആർ ദേവദാസിനെ നോൺ സർവ്വീസ് വിഭാഗത്തിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗമായി നിയമിക്കുകയും, ടിയാൻ 31.12.2004 മുതൽ 31.12.2010 വരെയുള്ള 6 വർഷക്കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി സേവനമനുഷ്ഠിക്കുയും ചെയ്തു. കൃഷി വകുപ്പിലെ സേവനത്തിന് അടിസ്ഥാനമാക്കിയുള്ള സർവ്വീസ് പെൻഷനാണ് ശ്രീ പി. ആർ ദേവദാസ് സ്വീകരിച്ചിരുന്നത്. തുടർന്ന്, ടിയാന്റെ അപേക്ഷ പരിഗണിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അവസാനം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിന്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, അനുമതി നൽകികൊണ്ടും, പുതുക്കിയ പെൻഷൻ ആനുകൂല്യങ്ങൾ 27.05.2019 പ്രാബല്യത്തിൽ അനുവദിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമെന്ന നിലയിലുള്ള പെൻഷൻ വാങ്ങിവരവേ പി. ആർ ദേവദാസ് 29.05.2024 – ന് നിര്യാതനായി. പി. ആർ.

ദേവദാസ് - ന്റെ കൃഷി വകുപ്പിലെ **22** വർഷക്കാലത്തെ സേവനം പരിഗണിച്ചും **56** വയസ്സ് വരെ സേവനമനുഷ്ഠിച്ചു പെൻഷൻ വാങ്ങാൻ കഴിയാതെ പോയതും കണക്കിലെടുത്ത് **6** വർഷക്കാലം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി സേവനം ചെയ്തതിന് ലഭിച്ചു വന്ന പെൻഷൻ തുകയ്ക്ക് നിയമാനുസൃതമായ കുടുംബപെൻഷൻ അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട്, ടിയാന്റെ ഭാര്യ ശ്രീമതി. കെ പുഷ്പലത പരാമർശം **(3)** പ്രകാരം അപേക്ഷ അപേക്ഷിച്ചിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻ അംഗങ്ങൾക്ക് കുടുബപെൻഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയില്ലായെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം **(4)** പ്രകാരം റിപ്പാർട്ട് ചെയ്യുകയുണ്ടായി.

**3. Kerala Public Service Commission [Composition and Conditions of Service of Members & Staff] Regulations 1957** ചട്ടം **6** പ്രകാരം വിരമിച്ചതിനു ശേഷം പി.എസ്.സി മെമ്പർമാരായി സേവനം അനുഷ്ഠിക്കുന്ന വ്യക്തികൾക്ക് പി.എസ്.സി-യിൽ നിന്നും പെൻഷൻ നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ പി.എസ്.സി മെമ്പർ സ്ഥാനത്ത് നിന്നും വിരമിച്ച ശേഷം പി.ആർ ദേവദാസ് തുടക്കത്തിൽ സർക്കാർ സർവ്വീസിലെ പെൻഷനാണ് കൈപ്പറ്റിയിരുന്നത്. പിന്നീട് ടിയാൻ സമർപ്പിച്ച ഓപ്ഷൻ കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ആണ് പരാമർശം **(2)** പ്രകാരം, സർക്കാർ സർവ്വീസും പി.എസ്.സി. സർവ്വീസും കൂട്ടിച്ചേർത്തു പി.എസ്.സിയിൽ നിന്നും അവസാനം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ **PSC Regulation Rule 7** പ്രകാരമുള്ള പെൻഷൻ അനുവദിച്ചു നൽകിയിരുന്നത്. **PSC Regulation Rule 7** പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻ അംഗങ്ങൾക്ക് പെൻഷനും ഡിസിആർജി-ക്കും മാത്രമാണ് അർഹത. കുടുംബ പെൻഷൻ നൽകുവാൻ ടി ചട്ടത്തിൽ നിലവിൽ വ്യവസ്ഥയില്ല. ശ്രീ.പി.ആർ. ദേവദാസിന് പി.എസ്.സി-യിലെ സേവന കാലയളവിനുള്ള പെൻഷൻ അനുവദിച്ചതോടു കൂടി ടിയാന്റെ സംസ്ഥാന കൃഷി വകുപ്പിലെ സേവനം ഇല്ലാതായി. ആയതിനാൽ ടിയാന്റെ കൃഷി വകുപ്പിലെ സേവനം പരിഗണിച്ചോ ടിയാൻ പി.എസ്.സി. മെമ്പറായിയുള്ള സേവനം പരിഗണിച്ചോ കുടുംബപെൻഷൻ അനുവദിക്കുന്നതിന് ചട്ടത്തിൽ വ്യവസ്ഥയില്ല.

**4.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി വിരമിച്ചശേഷം **29.05.2024** – ൽ അന്തരിച്ച ശ്രീ. പി. ആർ. ദേവദാസിന്റെ നിയമാനുസൃതമായ അനന്തരാവകാശികൾക്ക്, ടിയാൻ പി.എസ്.സി അംഗമല്ലായിരുന്നുവെങ്കിൽ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരന് ലഭിക്കുമായിരുന്ന കുടുംബപെൻഷൻ, ചട്ടങ്ങളിൽ ഇളവ് വരുത്തി ഒരു പ്രത്യേക കേസായി പരിഗണിച്ച് മറ്റൊരു കേസിലും കീഴ്‌വഴക്കം ആകാത്ത വിധം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത്

മുഖേന).
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി കെ പുഷ്പലത, കൃഷ്ണാർപ്പണം, താമരയൂർ പി ഒ, ഗുരുവായൂർ 680505.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ), കേരളം,തിരുവനന്തപുരം.
ധനകാര്യ വകുപ്പ്( EXP-A2/33/2025-FIN തീയതി 4.3.2026)
പൊതു ഭരണ (എസ് സി) വകുപ്പ്(ഇനം നം 3631 തീയതി 11.02.2026).
വെബ് & ന്യൂ മീഡിയ.
പൊതുഭരണ (ഇ- അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
Date: 04-03-2026 14:03:14
സെക്ഷൻ ഓഫീസർ.

പകർപ്പ്
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സെക്രട്ടറിയുടെ പി എ യ്ക്ക്.

**രഹസ്യം**

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-02-2026

ഫയൽ നം. സ്പെ.ഇ1/116/2024/പൊ.ഭ.വ. ഇനം നം: 3631

വിഷയം : പൊതുഭരണ വകുപ്പ് - കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി സേവനമനുഷ്ഠിച്ചശേഷം വിരമിച്ച ശ്രീ. പി. ആർ. ദേവദാസ്-ന്റെ കുടുംബത്തിന് പ്രത്യേക പരിഗണന നൽകി കുടുംബ പെൻഷൻ അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

3631

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | സ്പെ.ഇ 1/116/2024/പൊ.ഭ.വ |
| 2 | വകുപ്പ് | : | പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് |
| 3 | വിഷയം | : | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി സേവനമനുഷ്ഠിച്ചശേഷം വിരമിച്ച ശ്രീ. പി. ആർ. ദേവദാസ് - ന്റെ കുടുംബത്തിന് പ്രത്യേക പരിഗണന നൽകി കുടുംബ പെൻഷൻ അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06.09.2025 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. സുധ ബി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ. ബിജു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 22.01.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.01.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27.01.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07.02.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി സേവനമനുഷ്ഠിച്ചശേഷം അന്തരിച്ച ശ്രീ. പി. ആർ. ദേവദാസ് – ന്റെ കുടുംബത്തിന് പ്രത്യേക പരിഗണന നൽകി കുടുംബ പെൻഷൻ അനുവദിക്കണമെന്ന ടിയാന്റെ ഭാര്യ ശ്രീമതി കെ. പുഷ്പലതയുടെ അപേക്ഷ സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരള സർക്കാർ സർവ്വീസിൽ കൃഷി വകുപ്പിൽ യു.ഡി. ക്ലാർക്കായി സേവനമനുഷ്ഠിച്ച് വരവെ 31.07.2002 – ൽ സ്വയം വിരമിച്ച അഡ്വ. പി. ആർ ദേവദാസിനെ നോൺ സർവ്വീസ് വിഭാഗത്തിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അംഗമായി നിയമിച്ചിരുന്നു. അപ്രകാരം നിയമിതനായ ശ്രീ. പി. ആർ ദേവദാസ് 31.12.2004 മുതൽ 31.12.2010 വരെയുള്ള 6 വർഷക്കാലയളവിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി സേവനമനുഷ്ഠിച്ചു. കൃഷി വകുപ്പിലെ സേവനത്തിന് അടിസ്ഥാനമാക്കിയുള്ള സർവ്വീസ് പെൻഷനാണ് ടിയാൻ സ്വീകരിച്ചിരുന്നത്. തുടർന്ന്, ശ്രീ. പി. ആർ. ദേവദാസിന്റെ അപേക്ഷ പരിഗണിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അവസാനം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ കണക്കാക്കുന്നതിന്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, അനുമതി നൽകികൊണ്ടും പുതുക്കിയ പെൻഷൻ ആനുകൂല്യങ്ങൾ 27.05.2019 ൽ പ്രാബല്യത്തിൽ അനുവദിച്ചുകൊണ്ടും സ.ഉ. (കൈ) നം.102/2019/പൊഭവ തീയതി 27.05.2019, സ.ഉ. (കൈ) നം. 2/2021/പൊഭവ തീയതി 01.01.2021 പ്രകാരം ഉത്തരവായിരുന്നു.

3. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമെന്ന നിലയിലുള്ള പെൻഷൻ വാങ്ങിവരവേ ശ്രീ. പി. ആർ ദേവദാസ് 29.05.2024 – ന് നിര്യാതനായി. ശ്രീ. പി. ആർ. ദേവദാസ് – ന്റെ കൃഷി വകുപ്പിലെ 22 വർഷക്കാലത്തെ സേവനം പരിഗണിച്ചും സർക്കാർ സർവ്വീസിലെ മുഴുവൻ പെൻഷൻ വാങ്ങാൻ കഴിയാതെ പോയതും കണക്കിലെടുത്ത് 6 വർഷക്കാലം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി സേവനം ചെയ്തതിന് ലഭിച്ചു വന്ന പെൻഷൻ തുകയ്ക്ക് നിയമാനുസൃതമായ

കുടുംബപെൻഷൻ അനുവദിച്ച നൽകണമെന്ന് ടിയാന്റെ ഭാര്യ ശ്രീമതി പുഷ്പലത അപേക്ഷിച്ചിരുന്നു.

4. എന്നാൽ നിലവിലെ ചട്ടപ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻ അംഗങ്ങൾക്ക് കുടുംബപെൻഷൻ അനുവദിക്കാൻ വ്യവസ്ഥയില്ലായെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.

5. ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻ അംഗങ്ങൾക്ക് കുടുംബ പെൻഷൻ നൽകുവാൻ നിലവിൽ വ്യവസ്ഥയില്ല എന്ന് പി.എസ്.സി അറിയിച്ചിട്ടുണ്ട്. നിലവിലെ ചട്ടങ്ങളിൽ ഇളവ് വരുത്തിയാണ് പി.ആർ.ദേവദാസിന് പി.എസ്.സി - യിലെ സേവന കാലയളവിനുള്ള പെൻഷൻ ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുവദിച്ചത് ആയതിൽ കുടുംബ പെൻഷൻ ആനുകൂല്യം ഉൾപ്പെട്ടു കാണുന്നില്ല പി.ആർ. ദേവദാസിന് പി.എസ്.സി - യിലെ സേവന കാലയളവിനുള്ള പെൻഷൻ അനുവദിച്ചതോടു കൂടി ടിയാന്റെ സംസ്ഥാന കൃഷി വകുപ്പിലെ സേവനം ഇല്ലാതായി. ആയതിനാൽ ടിയാന്റെ കൃഷി വകുപ്പിലെ സേവനം പരിഗണിച്ചോ, ടിയാൻ പി.എസ്.സി മെമ്പറായിട്ടുള്ള സേവനം പരിഗണിച്ചോ കുടുംബ പെൻഷൻ ടിയാന്റെ ഭാര്യ ശ്രീമതി പുഷ്പലതയ്ക്ക് അനുവദിക്കുന്നതിന് വീണ്ടും പ്രത്യേകാനുമതി നൽകാനാകില്ല എന്ന് അറിയിക്കുന്നു".*

6. മേൽ വിഷയത്തിൽ ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ കുടുംബപെൻഷന് വ്യവസ്ഥയില്ലായെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ, കൃഷി വകുപ്പിലെ സർവീസിന് ലഭിച്ചിരുന്ന പെൻഷന് അർഹമായ കുടുംബപെൻഷൻ, പ്രത്യേക കേസായി അനുവദിക്കുന്ന കാര്യം ധനകാര്യ മന്ത്രിയുടെ അഭിപ്രായം സഹിതം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായി. ഇത് സംബന്ധിച്ച ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻ അംഗങ്ങൾക്ക് പെൻഷനും ഡിസിആർജി-ക്കും മാത്രമാണ് അർഹത. കുടുംബ പെൻഷൻ നൽകുവാൻ ചട്ടത്തിൽ നിലവിൽ വ്യവസ്ഥയില്ല. പി.ആർ. ദേവദാസിന് പി.എസ്.സി-യിലെ സേവന കാലയളവിനുള്ള പെൻഷൻ അനുവദിച്ചതോടു കൂടി ടിയാന്റെ സംസ്ഥാന കൃഷി വകുപ്പിലെ സേവനം ഇല്ലാതായി. ആയതിനാൽ ടിയാന്റെ കൃഷി വകുപ്പിലെ സേവനം പരിഗണിച്ചോ ടിയാൻ പി.എസ്.സി. മെമ്പറായിയുള്ള സേവനം പരിഗണിച്ചോ ടിയാന്റെ ഭാര്യ ശ്രീമതി. പുഷ്പലതയ്ക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിന് അനുമതി നല്കാൻ കഴിയില്ല".

7. ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ, പി.ആർ ദേവദാസ് പി.എസ്.സി സേവനകാലത്തിനുള്ള പെൻഷൻ ആനുകൂല്യങ്ങളാണോ അതോ സർക്കാർ സർവ്വീസ് കാലയളവും പി.എസ്.സി അംഗമെന്ന നിലയിലുള്ള സേവനകാലയളവും കൂടിച്ചേർന്നുള്ള പെൻഷൻ ആനുകൂല്യങ്ങളാണോ കൈപ്പറ്റിയിരുന്നത് എന്ന കാര്യത്തിൽ വ്യക്തത വരുത്തിയും, കുടുംബ പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ വ്യക്തമാക്കിയും കരട് കുറിപ്പ് ഭേദഗതി വരുത്തി സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവിടുകയുണ്ടായി.

8. അതിൻ പ്രകാരം ടി വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു

"കൃഷി വകുപ്പിൽ യു ഡി ക്ലർക്കായി സേവനമനുഷ്ഠിച്ചിരുന്ന അഡ്വ.പി.ആർ. ദേവദാസ് 31/07/2002-ന സർക്കാർ സർവീസിൽ നിന്നും സ്വയം വിരമിക്കുകയും, 01/08/2002 മുതൽ പെൻഷൻ കൈപ്പറ്റുകയും, അതിനു ശേഷം നോൺ സർവ്വീസ് വിഭാഗത്തിൽ നിന്നും പി.എസ്.സി മെമ്പർ ആയി ആറ് വർഷം [31/12/2004 - 31/12/2010] സേവനമനുഷ്ഠിക്കുകയും ചെയ്തു. Kerala Public Service Commission [Composition and Conditions of Service of Members & Staff] Regulations 1957 ചട്ടം 6 പ്രകാരം വിരമിച്ചതിനു ശേഷം പി.എസ്.സി മെമ്പർമാരായി സേവനം അനുഷ്ഠിക്കുന്ന വ്യക്തികൾക്ക് പി.എസ്.സി-യിൽ നിന്നും പെൻഷൻ നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ പി.എസ്.സി മെമ്പർ സ്ഥാനത്ത് നിന്നും വിരമിച്ച ശേഷം

ടിയാൻ തുടക്കത്തിൽ സർക്കാർ സർവ്വീസിലെ പെൻഷനാണ് കൈപ്പറ്റിയിരുന്നത്. പിന്നീട് ശ്രീ.പി.ആർ ദേവദാസ് സമർപ്പിച്ച ഓപ്ഷൻ കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് ബഹു. മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 01/01/2021 തീയതിയിലെ സ.ഉ.(കൈ)നം. 02/2021/പൊ.ഭ.വ ഉത്തരവ് പ്രകാരം പി.ആർ ദേവദാസ്-നു സർക്കാർ സർവ്വീസും പി.എസ്.സി. സർവ്വീസും കൂട്ടിച്ചേർത്തു പി.എസ്.സിയിൽ നിന്നും അവസാനം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ PSC Regulation Rule 7 പ്രകാരമുള്ള പെൻഷനാണ് അനുവദിച്ചിരിക്കുന്നത്.

PSC Regulation Rule 7 പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുൻ അംഗങ്ങൾക്ക് പെൻഷനും ഡിസിആർജി-ക്കും മാത്രമാണ് അർഹത. കുടുംബ പെൻഷൻ നൽകുവാൻ ടി ചട്ടത്തിൽ നിലവിൽ വ്യവസ്ഥയില്ല. ശ്രീ.പി.ആർ. ദേവദാസിന് പി.എസ്.സി-യിലെ സേവന കാലയളവിനുള്ള പെൻഷൻ അനുവദിച്ചതോട്ട കൂടി ടിയാന്റെ സംസ്ഥാന കൃഷി വകുപ്പിലെ സേവനം ഇല്ലാതായി ആയതിനാൽ ടിയാന്റെ കൃഷി വകുപ്പിലെ സേവനം പരിഗണിച്ചോ ടിയാൻ പി.എസ്.സി. മെമ്പറായിയുള്ള സേവനം പരിഗണിച്ചോ കുടുംബപെൻഷൻ അനുവദിക്കുന്നതിന് ചട്ടത്തിൽ വ്യവസ്ഥയില്ല."

9. മേൽ വിവരം ഉൾപ്പെടുത്തി ഫയൽ സമർപ്പിച്ചപ്പോൾ, ചീഫ് സെക്രട്ടറി ചുവടെ ചേർക്കും പ്രകാരം ഉത്തരവായി.

i. "കൃഷി വകുപ്പിലെ സേവനത്തിൽ നിന്നും സ്വയം വിരമിച്ച് പെൻഷൻ വാങ്ങിവന്നിരുന്ന പി. ആർ. ദേവദാസിനെ നോൺ സർവ്വീസ് വിഭാഗത്തിൽ നിന്നുമാണ് പി.എസ്.സി അംഗമായി നിയമിച്ചിരുന്നത്.

ii. പി.എസ്.സി അംഗമായി വിരമിച്ചശേഷം പി.ആർ ദേവദാസ് തുടക്കത്തിൽ സർക്കാർ സർവ്വീസിലെ പെൻഷനാണ് വാങ്ങിവന്നിരുന്നത്.

iii. പി.ആർ ദേവദാസ് സമർപ്പിച്ച അപേക്ഷ കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സർവ്വീസും പി.എസ്.സി അംഗമെന്ന സേവനകാലയളവും കൂട്ടിച്ചേർത്ത് പി.എസ്.സിയിൽ നിന്നും അവസാനം വാങ്ങിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള പെൻഷൻ അനുവദിച്ചിരുന്നു.

iv. പി.എസ്.സി അംഗങ്ങൾക്ക് പെൻഷനും ഡി.സി.ആർ.ജി ക്കും മാത്രമാണ് അർഹതയുള്ളത് കുടുംബ പെൻഷൻ അനുവദിക്കാൻ നിലവിൽ വ്യവസ്ഥയില്ല

v. പി.എസ്.സി - യിലെ സേവനകാലയളവ് കൂടി കൂട്ടിച്ചേർത്ത് പെൻഷൻ അനുവദിച്ചതോട്ടുകൂടി സംസ്ഥാന കൃഷി വകുപ്പിലെ സേവനത്തിനുള്ള പെൻഷന് അർഹതയില്ലാതായി.

vi. ദേവദാസിന്റെ അപേക്ഷ പരിഗണിച്ച് പിഎസ്.സി യിലെ സേവനകാലം കൂടി സംസ്ഥാന സർക്കാർ സർവ്വീസിനോട് കൂട്ടിച്ചേർത്ത് മുൻപ് പെൻഷൻ അനുവദിക്കുകയും ഇപ്പോൾ അദ്ദേഹത്തിന്റെ ഭാര്യയുടെ അപേക്ഷ പരിഗണിച്ച് പി.എസ്.സി യിലെ സേവന കാലം വേർപെടുത്തി സംസ്ഥാന സർക്കാർ സേവനകാലയളവ് മാത്രം കണക്കിലെടുത്ത് കുടുംബ പെൻഷൻ അനുവദിക്കുന്നത് അനുവദനീയമല്ലാത്ത ഒരു കീഴ്‌വഴക്കമാകുന്നതിനും കാരണമാകും.

മേൽ വിവരിച്ച സാഹചര്യങ്ങളുടെയും ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യം ഒരു പ്രത്യേക കേസായി പരിഗണിക്കേണ്ടതുണ്ടോ എന്ന കാര്യത്തിൽ തീരുമാനമെടുക്കാനായി ഫയൽ വീണ്ടും ബഹു. മുഖ്യമന്ത്രിയ്ക്ക് വിനീതമായി സമർപ്പിക്കുന്നു."

10. ശ്രീ. പി. ആർ. ദേവദാസ് പി.എസ്.സി മെമ്പറല്ലായിരുന്നെങ്കിൽ വിരമിച്ച സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ലഭിക്കുമായിരുന്ന കുടുംബപെൻഷൻ അനുവദിക്കുന്നകാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായി വിരമിച്ചശേഷം, 29.05.2024 - ൽ അന്തരിച്ച ശ്രീ. പി. ആർ. ദേവദാസ് - ന്റെ കുടുംബത്തിന്, ടിയാൻ പി.എസ്.സി മെമ്പറല്ലായിരുന്നെങ്കിൽ വിരമിച്ച സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ

ലഭിക്കുമായിരുന്ന കുടുംബപെൻഷൻ, ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്ന്, ഒരു പ്രത്യേക കേസായി പരിഗണിച്ച് അനുവദിക്കാമോ?